**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ അരുൺകൃഷ്ണ എ കെ, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. നം. എ6/6765/2016/ജിമെആ തൃശ്ശൂർ തീയതി.21.07.2016
2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 59504/2016/ആവഡ തീയതി 28.10.2016
3. ഡോ അരുൺകൃഷ്ണ എ കെ സമർപ്പിച്ച അപേക്ഷ തീയതി 30.11.2016
4. കത്ത് നം ഇഎ4- 59504/2016/ആവഡ തീയതി 15.12.2016
5. ഡോ അരുൺകൃഷ്ണ എ കെ സമർപ്പിച്ച അപേക്ഷ തീയതി 04.01.2017

**ഉത്തരവ് നം. DHS/431/2025-EA4 തീയതി.11-12-2025**

ഡോ അരുൺകൃഷ്ണ എ കെ (Dr Arunkrishna A K, PEN), 07.09.2012 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. തൃശ്ശൂർ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയിൽ സേവനത്തിൽ തുടരവെ 12.03.2016 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു.പ്രൊബേഷൻ

പൂർത്തിയാക്കുന്നതിന് അനുവദിക്കുന്നതിനും തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ നിയമിക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ജീവനക്കാർക്ക് സേവനത്തിൽ പുന പ്രവേശിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. പരാമർശം (5) പ്രകാരം ടി കത്തിന് മറുപടി സമർപ്പിച്ചു. തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ നിയമിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ സേവനത്തിൽ നിന്നും രാജി വയ്ക്കുന്നതായി അറിയിച്ചു.

(2). ഡോ അരുൺകൃഷ്ണ എ കെ സമർപ്പിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയിതിന് തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ നിയമിക്കുന്നതിന് കഴിയുന്നില്ലെങ്കിൽ സേവനത്തിൽ നിന്നും രാജി വയ്ക്കുന്നതിന് അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചു. ടി സാഹചര്യത്തിൽ **12.03.2016** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ അരുൺകൃഷ്ണ എ കെ, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ അരുൺകൃഷ്ണ എ കെ, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 11-12-2025 16:29:57

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Arunkrishna A K,**

**Ushamalari, Aiswarya Nagar, West Fort**

**Thrissur- 680004.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

തൃശ്ശൂർ.

3. സൂപ്രണ്ട്,

താലൂക്കാശുപത്രി പുതുക്കാട് തൃശ്ശൂർ.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. സീനിയർ സൂപ്രണ്ട്,

ഇബി സെക്ഷൻ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്

5. ഫയൽ